## പതിമൂന്നാം കേരള നിയമസഭ
## പതിനാലാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം : 2032 — 07. 07. 2015 ൽ മറുപടിക്ക്

### ടെലസ്കോപിക് വൈദ്യുതി നിരക്ക്

ചോദ്യം — ഉത്തരം

ശ്രീ. പി.സി.ജോർജ്

ശ്രീ. ആര്യാടൻ മുഹമ്മദ്
(ഊർജ്ജ വകുപ്പ് മന്ത്രി)

| | |
|---|---|
| (എ) ഗാർഹിക ഉപഭോക്താക്കൾക്ക് അവർ ഉപയോഗിച്ചിരുന്ന വൈദ്യുതി നിരക്ക് ടെലസ്കോപിക് നിരക്കിലാണോ ഇപ്പോൾ കണക്കാക്കുന്നത്, അല്ലെങ്കിൽ എന്തുകൊണ്ട് ഇങ്ങനെ ചെയ്യുന്നില്ലെന്ന് വിശദമാക്കുമോ;<br><br>(ബി) ടെലസ്കോപിക് നിരക്കിലല്ലാ ഇപ്പോൾ വൈദ്യുതി ചാർജ്ജ് കണക്കാക്കുന്നതെങ്കിൽ, ഇത് ടെലസ്കോപിക് നിരക്കിൽ ആക്കുവാൻ നടപടി സ്വീകരിക്കുമോ; | (എ) & (ബി) പ്രതിമാസം 250 യൂണിറ്റ് വരെ ഉപയോഗിക്കുന്ന ഗാർഹിക ഉപഭോക്താക്കൾക്ക്, ടെലിസ്കോപ്പിക് നിരക്കിലും, പ്രതിമാസം 250 യൂണിറ്റിനു മുകളിൽ ഉപയോഗിക്കുന്ന ഉപഭോക്താക്കൾക്ക് നോൺ-ടെലിസ്കോപ്പിക് നിരക്കിലുമാണ് ബില്ല് ചെയ്തുകൊണ്ടിരിക്കുന്നത്.<br><br>ടെലിസ്കോപ്പിക് സമ്പ്രദായത്തിലെ താഴ്ന്ന സ്ലാബുകളിലെ കുറഞ്ഞ നിരക്കിലുള്ള ആനുകൂല്യം ഉയർന്ന സ്ലാബുകളിൽ ഉപയോഗിക്കുന്നവർക്ക് (നിലവിൽ പ്രതിമാസം 250 യൂണിറ്റ് വരെ) ലഭിക്കുന്നുണ്ട്.<br><br>താഴ്ന്ന സ്ലാബുകളിലുള്ള ഗാർഹിക ഉപഭോക്താക്കൾക്ക് ബോർഡിന്റെ ശരാശരി വൈദ്യുതി ചിലവിൽ നിന്നും സബ്സിഡി നൽകി കുറഞ്ഞ നിരക്കിലാണ് വൈദ്യുതി നൽകുന്നത്. പ്രതിമാസം 250 യൂണിറ്റ് വരെ ഉപയോഗിക്കുന്ന ഗാർഹിക ഉപഭോക്താക്കൾക്ക് ടെലിസ്കോപ്പിക് നിരക്കിലാണ് വൈദ്യുതി നൽകുന്നത്. നിലവിലുള്ള 90 ലക്ഷത്തിൽ പുറത്ത് വരുന്ന ഗാർഹിക ഉപഭോക്താക്കളിൽ 88 ലക്ഷം ഗാർഹിക ഉപഭോക്താക്കളുടെയും പ്രതിമാസ ശരാശരി ഉപയോഗം 250 യൂണിറ്റിൽ താഴെയാണ്. അതായത് മൊത്തം ഗാർഹിക ഉപഭോക്താക്കളിൽ 96% ഉപഭോക്താക്കളെയും ടെലിസ്കോപ്പിക് നിരക്കിലാണ് ബില്ല് ചെയ്യുന്നത്. |

| | |
|---|---|
| (സി) വൈദ്യുതി ബോർഡിൽ എത്ര തരം ഉപഭോക്താക്കളുണ്ട്; ഇവർ ഓരോരുത്തർക്കും ഓരോ യൂണിറ്റ് വൈദ്യുതിയ്ക്കും ഈടാക്കുന്ന തുക എത്രയെന്ന് വിശദമാക്കുമോ; | (സി) വൈദ്യുതി ബോർഡിലെ, വിവിധതരം ഉപഭോക്താക്കളുടെയും, ഓരോ യൂണിറ്റ് വൈദ്യുതിയ്ക്ക് അവരിൽ നിന്ന് ഈടാക്കുന്ന ചാർജ്ജുകളെപ്പറ്റിയും ഉള്ള വിശദാംശങ്ങൾ, അനുബന്ധം-I ആയി കൊടുത്തിരിക്കുന്നു. |
| (ഡി) ഇവർ ഓരോ വിഭാഗവും 2014-15 വർഷം ഉപയോഗിച്ച വൈദ്യുതി എത്ര യൂണിറ്റെന്ന് വിശദമാക്കുമോ; | (ഡി) കെ.എസ്.ഇ.ബി.ലിമിറ്റഡിനു കീഴിലുള്ള വിവിധ വിഭാഗം ഉപഭോക്താക്കളുടെ 2014-15 ലെ ഉപഭോഗം സംബന്ധിച്ച വിശദാംശങ്ങൾ, അനുബന്ധം-II ആയി കൊടുത്തിരിക്കുന്നു. |

സെക്ഷൻ ഓഫീസർ

അനുബന്ധം ലൈബ്രറിയിൽ ലഭ്യമാണ്